ഉത്തരം

(എ) ഈ പ്രദേശത്തിന്റെ പാരിസ്ഥിതികവും, ജൈവപരവും, ഭൂമിശാസ്ത്രപര വുമായ പ്രാധാന്യം പരിഗണിച്ച് വിവിധ സസ്യ ജന്തുജാലങ്ങളെയും അവയുടെ പരി സ്ഥിതിയും സംരക്ഷിക്കുന്നതിനും അവയുടെ പ്രജനനത്തിനും വംശവർദ്ധനവിനും അനുയോജ്യമായ സാഹചര്യം നിലനിർത്തുന്നതിനും വേണ്ടി മംഗളവനം സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 42/04/വനം തീയതി 31-8-2004 അനുസരിച്ച് ഒരു പക്ഷി സങ്കേതമായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

പക്ഷി സങ്കേതത്തിന്റെ ശാസ്ത്രീയമായ പരിപാലനം ലക്ഷ്യമാക്കി ഒരു 'മാനേജ്മെന്റ് പ്ലാൻ' തയ്യാറാക്കിവരുന്നു. ഇതുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളു ടെയും അഭിപ്രായംകൂടി പരിഗണിച്ചായിരിക്കും പ്ലാൻ തയ്യാറാക്കുന്നത്. കൂടാതെ പക്ഷി സങ്കേതത്തിന്റെ അതിർത്തിക്ക് പുറത്തുള്ള പ്രദേശം അതിന്റെ ബഫർ മേഖലയായി വരുന്നതുമൂലം ഇപ്രകാരമുള്ള അഭിപ്രായ രൂപീകരണം അത്യന്തം പ്രധാന്യമർഹി ക്കുന്നു. മംഗളവനം പ്രദേശത്ത് നടപ്പിലാക്കുന്ന ഏതു പ്രവർത്തനവും അപ്രകാരം തയ്യാറാക്കപ്പെടുന്ന മാനേജ്മെന്റ് പ്ലാനിന്റെ അടിസ്ഥാനത്തിലായിരിക്കും.

(ബി) കേരള ഹൈക്കോടതിക്ക് പാർക്കിംഗ് സ്ഥലം അനുവദിക്കുന്നതു സംബ ന്ധിച്ച നിർദ്ദേശങ്ങളുടെ വിശദവിവരങ്ങൾ ഇതേവരെ വനം വകുപ്പിനു ലഭിച്ചിട്ടില്ല. ലഭിച്ചാലുടൻ ആയതിന്റെ വിവിധ വശങ്ങൾ പരിശോധിച്ച് യുക്തമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഭരണ പദ്ധതി തയ്യാറാക്കുന്നതാണ്.

വന്യമൃഗങ്ങളുടെ ആക്രമണത്തിന്റെ ഫലമായി കൃഷിനാശം

130 [579] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണത്തിന്റെ ഫലമായി കൃഷിനാശം സംഭവിച്ച കൃഷിക്കാർക്ക് യഥാസമയം നഷ്ടപരിഹാരം നൽകുന്നില്ലെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ മൂന്നു വർഷമായി ഈയിനത്തിൽ എത്ര തുക കൊടുത്തു; ബാക്കി എത്ര കൊടുക്കാനുണ്ട്; പ്രസ്തുത വിവരം ഡിവിഷൻ തിരിച്ച് വ്യക്തമാക്കുമോ;

(സി) നഷ്ടപരിഹാരമായി നാമമാത്രമായ തുക മാത്രമേ നൽകുന്നുള്ളു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നഷ്ടപരിഹാരത്തിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) ആൾനാശം ഉണ്ടാകുന്ന സംഭവങ്ങളിൽ ഒരു ലക്ഷം രൂപയെങ്കിലും നഷ്ട പരിഹാരം നൽകാൻ നിയമ ഭേദഗതി നടത്തുമോ?

ഉത്തരം

(എ) ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കൃഷിനാശം സംഭവിച്ചതിന് നിലവിലുള്ള നഷ്ടപരിഹാര തുക നഷ്ടത്തിന്റെ 75% (പരമാവധി 10,000 രൂപ) ആണ്.

(ഡി) വന്യജീവി സംരക്ഷണ നിയമത്തിലെ ഒന്നാം പട്ടികയിലും രണ്ടാം പട്ടികയിലെ രണ്ടാം ഭാഗത്തും ഉൾപ്പെടുത്തിയിട്ടുള്ള വന്യജീവികളുടെ ആക്രമണത്തിൽ നഷ്ടം സംഭവിച്ചതിനാണ് നഷ്ടപരിഹാരം നൽകുന്നത്. ഇതിന് നിശ്ചിത ഫാറത്തിൽ അപേക്ഷ ബന്ധപ്പെട്ട ഡിവിഷൻതല ഓഫീസർക്ക് നൽകേണ്ടതുണ്ട്. അപേക്ഷയിൽ പറയുന്ന കാര്യങ്ങൾ റെയിഞ്ചോഫീസർ മുഖേന പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ ആണ് നഷ്ടപരിഹാരം അനുവദിക്കുന്നത്.

(ഇ) 20-1-2005-ലെ സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 41/2005/വനം പ്രകാരം ചുവടെ വിവരിക്കുന്ന പ്രകാരം ആൾനാശം ഉണ്ടാകുന്ന സംഭവങ്ങളിൽ നഷ്ട പരിഹാരം നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

ജീവൻ നഷ്ടം	..	പിൻതുടർച്ചവകാശികൾക്ക് 50,000 രൂപ
സ്ഥിരം അംഗവൈകല്യം	..	25,000 രൂപ
പരുക്ക് പറ്റിയത്	..	പരുക്കിന്റെ ഗൗരവം കണക്കിലെടുത്ത് പരമാവധി 5,000 രൂപ.

കാട്ടാനശല്യംമൂലം കാർഷികാദായങ്ങൾ നഷ്ടപ്പെട്ടവർക്ക് സാമ്പത്തിക സഹായം

131 [580] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിൽപ്പെട്ട മണ്ടക്കോൽ, പാണ്ടി ബീറ്റുകളിൽപ്പെട്ട ചാമക്കൊച്ചി, ചാപ്പക്കൽ, വെള്ളച്ചേരി, കൈച്ചണ്ണി, മണ്ടേംപട്ടി ഫോറസ്റ്റ് അതിർത്തിയിൽപ്പെട്ട പ്രദേശങ്ങളിൽ കാട്ടാനകൾ ഇറങ്ങി പ്രദേശത്തെ ജനങ്ങളുടെ കാർഷികാദായങ്ങൾ വ്യാപകമായി നശിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) കാർഷികാദായങ്ങൾ നഷ്ടപ്പെട്ടവർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എത്രതുക വീതം എത്രപേർക്ക് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) എല്ലാ വർഷവും തുടർച്ചയായി കാട്ടാനശല്യം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ഇത് കുറയ്ക്കുന്നതിന് സ്ഥിരമായ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly